| 30-11-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ മകൻ അച്ഛനെ പ്രത്യക്ഷമാക്കും, തന്റെ മതം(മൻമത്ത്) ഉപേക്ഷിച്ച് ശ്രീമത്തിലൂടെ നടക്കൂ, അപ്പോൾ ബാബയെ പ്രത്യക്ഷപ്പെടുത്താൻ കഴിയും.**

**ചോദ്യം** : ഏത് കുട്ടികളുടെ രക്ഷയാണ് ബാബ അവശ്യം ചെയ്യുന്നത്?
**ഉത്തരം** : ആരാണോ സത്യതയുള്ള കുട്ടികൾ അവർ തീർച്ചയായും സംരക്ഷിക്കപ്പെടും. അഥവാ സംരക്ഷണം ഉണ്ടാകുന്നില്ലെങ്കിൽ ഉള്ളിൽ ഏതെങ്കിലും തരത്തിലുള്ള അസത്യം ഉണ്ടായിരിക്കും. പഠിപ്പ് മുടക്കുക, സംശയത്തിൽ വരുക അർത്ഥം ഉള്ളിൽ ഏതെങ്കിലും തരത്തിലുള്ള അസത്യമുണ്ട്. അവരെ മായ പ്രഹരിക്കുന്നു.

**ചോദ്യം** : മായ കാന്തമാകുന്നത് ഏത് കുട്ടികൾക്കാണ്?
**ഉത്തരം** : ആരാണോ മായയുടെ മനോഹാരിതയിൽ ആകർഷിതരാകുന്നത്, അവർക്ക് മായ കാന്തമാകുന്നു. ശ്രീമതത്തിലൂടെ നടക്കുന്ന കുട്ടികൾ ആകർഷിതരാകുകയില്ല.

ഓംശാന്തി. ആത്മീയ അച്ഛനിരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്, ആത്മീയ അച്ഛൻ നമ്മൾ ആത്മീയ കുട്ടികളെ പഠിപ്പിക്കുകയാണ് എന്ന് കുട്ടികൾക്കു നിശ്ചയപ്പെടുത്തിയിട്ടുണ്ട്. ആത്മാക്കളും പരമാത്മാവും വളരെക്കാലം വേർപിരിഞ്ഞിരുന്നു... എന്ന് പാടുന്നുണ്ട്. മൂലവതനത്തിൽ വേർപിരിയുന്നില്ല. അവിടെ എല്ലാവരും ഒരുമിച്ചാണ് ഇരിക്കുന്നത്. ആത്മാക്കൾ തീർച്ചയായും അവിടെ നിന്ന് വേർപിരിയുന്നുണ്ട്, വന്ന് അവരവരുടെ പാർട്ടഭിനയിക്കുന്നു. സതോപ്രധാനത്തിൽനിന്നും ഇറങ്ങി തമോപ്രധാനമായി മാറുന്നു. പതിത പാവനാ വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ് വിളിക്കുന്നു. ഞാൻ 5000 വർഷങ്ങൾക്ക് ശേഷം വരുന്നു എന്ന് ബാബയും പറയുന്നു. ഈ സൃഷ്ടി ചക്രം തന്നെ 5000 വർഷത്തിന്റെയാണ്. മുമ്പ് നിങ്ങൾക്കും ഇത് അറിയുമായിരുന്നില്ല. ശിവബാബ മനസ്സിലാക്കി തരുന്നുണ്ടെങ്കിൽ തീർച്ചയായും ഒരു ശരീരത്തിലൂടെയാണ് മനസ്സിലാക്കി തരുന്നത്. മുകളിൽ നിന്ന് ഒരു ശബ്ദവും പുറപ്പെടുവിക്കുന്നില്ല. ശക്തി അഥവാ പ്രേരണയുടെ ഒരു കാര്യവുമില്ല. നിങ്ങൾ ആത്മാക്കൾ ശരീരത്തിൽ വന്ന് സംഭാഷണം നടത്തുന്നു. അതുപോലെ ബാബയും പറയുകയാണ് ഞാനും ശരീരത്തിലൂടെ നിർദേശം നൽകുകയാണ്. പിന്നെ അതനുസരിച്ച് ആര് എത്ര നടക്കുന്നുവോ, അത്രയും തനിക്ക് തന്നെ മംഗളം ചെയ്യുന്നു. ശ്രീമതത്തിലൂടെ നടക്കുകയോ നടക്കാതിരിക്കുകയോ, ടീച്ചർ പറയുന്നത് കേൾക്കുകയോ കേൾക്കാതിരിക്കുകയോ ചെയ്യുമ്പോൾ തനിക്കുതന്നെ മംഗളമോ അഥവാ അമംഗളമോ ചെയ്യുകയാണ്. പഠിച്ചില്ലെങ്കിൽ തീർച്ചയായും തോറ്റു പോകും. ഇതും മനസ്സിലാക്കി തരുന്നുണ്ട് ശിവബാബയിൽ നിന്ന് പഠിച്ച് പിന്നീട് മറ്റുള്ളവരെ പഠിപ്പിക്കണം. അച്ഛൻ മകനെ ഷോ ചെയ്യിപ്പിക്കുന്നു. ശാരീരിക പിതാവിന്റെ കാര്യമല്ല. ഇത് ആത്മീയ അച്ഛനാണ്. എത്രത്തോളം നമ്മൾ ശ്രീമതത്തിലൂടെ നടക്കുന്നുവോ അത്രയും സമ്പത്ത് നേടാൻ സാധിക്കും എന്നതും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. പൂർണ്ണമായും നടക്കുന്നവർക്ക് ഉയർന്ന പദവി നേടാനും സാധിക്കും. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ പാപം ഇല്ലാതാകും. രാവണരാജ്യത്തിൽ നിങ്ങളുടെ പാപം വളരെയധികം വർദ്ധിച്ചിരിക്കുകയാണ്. വികാരത്തിൽ പോകുന്നതുകൊണ്ട് തന്നെയാണ് പാപാത്മാവായി മാറുന്നത്. തീർച്ചയായും പുണ്യാത്മാവും പാപാത്മാവും ആകുന്നുണ്ട്. പുണ്യാത്മാക്കളുടെ മുന്നിൽ പോയി പാപാത്മാക്കൾ തലകുമ്പിടുന്നു. ദേവതകളാണ് പുണ്യാത്മാക്കളെന്നും അവരാണ് പിന്നീട് പുനർജന്മം എടുത്തെടുത്ത് പാപാത്മാവായി മാറുന്നതെന്നും മനുഷ്യർക്ക് അറിയുകയില്ല. ഇവർ സദാ പുണ്യാത്മാവായിരിക്കുന്നുവെന്നാണ് അവർ മനസ്സിലാക്കിയിരിക്കുന്നത്. ബാബ മനസ്സിലാക്കി തരുകയാണ്, പുനർജന്മം എടുത്തെടുത്ത് സതോപ്രധാനത്തിൽ നിന്നും തമോപ്രധാനം വരെ എത്തുന്നു. തികച്ചും പാപാത്മാവായി മാറുമ്പോൾ വീണ്ടും ബാബയെ വിളിക്കുന്നു. പുണ്യാത്മാവായി മാറുമ്പോൾ ഓർമ്മിക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് നിങ്ങൾ കുട്ടികൾ എല്ലാവർക്കും മനസ്സിലാക്കി കൊടുക്കണം, സേവനം ചെയ്യണം. ബാബ പോയി എല്ലാവർക്കും കേൾപ്പിക്കുകയില്ല. കുട്ടികൾ സേവനത്തിന് യോഗ്യരായെങ്കിൽ കുട്ടികൾ തന്നെയാണ് പോകേണ്ടത്. മനുഷ്യരാണെങ്കിൽ പ്രതിദിനം അസുരന്മാരായി മാറുകയാണ്. ബാബയെ തിരിച്ചറിയാത്തതുകൊണ്ട് വിഡ്ഢിത്തങ്ങൾ കാണിക്കുന്നതിൽ വിളംബം വരുത്തുന്നില്ല. ഗീതയുടെ ഭഗവാൻ കൃഷ്ണനെന്നാണ് മനുഷ്യർ പറയുന്നത്. കൃഷ്ണൻ ദേഹധാരിയാണെന്നും ദേവതയാണെന്നും നിങ്ങൾ മനസ്സിലാക്കി കൊടുക്കണം. കൃഷ്ണനെ അച്ഛനെന്ന് പറയുകയില്ല. എല്ലാവരും അച്ഛനെയല്ലേ ഓർമ്മിക്കുന്നത്. ആത്മാക്കളുടെ അച്ഛനായി രണ്ടാമതൊരാളില്ല. ഈ പ്രജാപിതാ ബ്രഹ്മാവും പറയുന്നു നിരാകാരനായ അച്ഛനെ ഓർമ്മിക്കണം. ഇത് സാകാ

ര പിതാവാണ്. ഒരുപാട് മനസ്സിലാക്കിത്തരുന്നുണ്ട്, ചിലർ പൂർണ്ണമായി മനസ്സിലാക്കാത്തതു കാരണം തെറ്റായ വഴിയിലൂടെ നടന്ന് കാട്ടിൽ പോയി അകപ്പെടുന്നു. ബാബ സ്വർഗത്തിൽ പോകുന്നതിനുള്ള വഴിയാണ് പറഞ്ഞു തരുന്നത്. എന്നിട്ടും കാടിന് നേർക്ക് പോകുന്നു. നിങ്ങളെ കാട്ടിലേക്ക് കൂട്ടി കൊണ്ടുപോകുന്നത് രാവണനാണെന്ന് ബാബ മനസ്സിലാക്കി തരുന്നു. നിങ്ങൾ മായയോട് തോൽക്കുക യാണ്. വഴി മറന്നു പോകുന്നതുകൊണ്ട് പിന്നീട് കാട്ടിലെ മുള്ളായി തീരുന്നു. അവർ പിന്നീട് സ്വർഗത്തിൽ വൈകി വരുന്നു. സ്വർഗത്തിൽ പോകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യാനാണ് നിങ്ങളിവിടെ വന്നിരിക്കുന്നത്. ത്രേതായുഗത്തെപോലും സ്വർഗമെന്ന് പറയുകയില്ല. 25 ശതമാനം കുറവ് വരുന്നുണ്ടല്ലോ. തോൽക്കുന്നവരാണ് അവിടേക്ക് പോകുന്നത്. പഴയ ലോകത്തെ ഉപേക്ഷിച്ച് പുതിയ ലോകത്തിലേക്ക് പോകുന്നതിനാണ് നിങ്ങളിവിടെ വന്നിരിക്കുന്നത്. ത്രേതായുഗത്തെ പുതിയ ലോകമെന്ന് പറയുകയില്ല. തോൽക്കുന്നവരാണ് അവിടേക്ക് പോകുന്നത്. കാരണം ശരിയായ വഴിക്കല്ല പോകുന്നത്. ഇറങ്ങുകയും കയറുകയും ചെയ്തു കൊണ്ടിരിക്കുന്നു. എന്താണോ ഓർമ്മിക്കാൻ ആഗ്രഹിക്കുന്നത് അത് ഓർമ്മ നിൽക്കുന്നില്ല എന്ന് നിങ്ങൾക്ക് അനുഭവമുണ്ട്. സ്വർഗവാസിയാകുന്നവർ നല്ലരീതിയിൽ വിജയിച്ചവരാണ്. ത്രേതായുഗത്തിലേക്ക് പോകുന്നവർ തോൽക്കുന്നവരാണ്. നിങ്ങൾ നരകവാസിയിൽ നിന്ന് സ്വർഗവാസിയാകുന്നു. ഇല്ലെങ്കിൽ തോറ്റവർ എന്ന് പറയുന്നു. ആ പഠിപ്പാണെങ്കിൽ പിന്നീട് രണ്ടാമതും പഠിക്കുന്നു. ഇവിടെ രണ്ടാമത്തെ വർഷം പഠിക്കുന്നതിന്റെ കാര്യം തന്നെയില്ല. ആരാണോ കല്പം മുമ്പും ചെയ്തത് അവർ തന്നെയാണ് ജന്മ ജന്മാന്തരം, കല്പ കല്പാന്തരം അതേ പരീക്ഷ പാസാകുന്നത്. ഈ ഡ്രാമയുടെ രഹസ്യത്തെ നല്ല രീതിയിൽ മനസ്സിലാക്കണം. ചിലർ മനസ്സിലാക്കുന്നു, ഇനി ഞങ്ങൾക്ക് നടക്കാൻ സാധിക്കുകയില്ല. പ്രായമായവരാണെങ്കിൽ അവരുടെ കൈ പിടിച്ച് നടത്തിക്കുകയാണെങ്കിൽ നടക്കും, ഇല്ലെങ്കിൽ വീണു പോകും. പക്ഷെ ഭാഗ്യത്തിൽ ഇല്ലെങ്കിൽ പുഷ്പമാക്കി മാറ്റാൻ വേണ്ടി എത്ര പരിശ്രമിച്ചാലും ആവുകയില്ല. എരിക്കിനെയും പൂവെന്ന് പറയും. ഈ മുള്ളുകളാണെങ്കിൽ വേദനിപ്പിക്കുന്നു.

ബാബ വളരെയധികം മനസ്സിലാക്കി തരുന്നുണ്ട്. ഇന്നലെ നിങ്ങൾ ഏത് ശിവന്റെ പൂജയാണോ ചെയ്തിരുന്നത് ആ ശിവൻ ഇന്ന് നിങ്ങളെ പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഓരോ കാര്യത്തിലും പുരുഷാർത്ഥത്തിന് വേണ്ടി ശക്തി നൽകുകയാണ്. മായ നല്ല നല്ല പൂക്കളെപ്പോലും താഴെ വീഴ്ത്തുന്നു, തവിടുപൊടിയാക്കുന്നു. അവരെ കുലദ്രോഹിയെന്ന് പറയുന്നു. ആരാണോ ഒരു രാജധാനി ഉപേക്ഷിച്ച് വേറൊന്നിലേക്ക് പോകുന്നത് അവരെ കുലദ്രോഹിയെന്ന് പറയുന്നു. ബാബയും പറയുകയാണ് എൻറേതായി മാറി പിന്നീട് മായയുടേതാവുകയാണെങ്കിൽ അവരെ കുലദ്രോഹിയെന്ന് പറയുന്നു. അവരുടെ പെരുമാറ്റവും അങ്ങനെയുള്ളതായിരിക്കും. ഇപ്പോൾ ബാബ മായയിൽ നിന്നും മോചിപ്പിക്കാൻ വന്നിരിക്കുകയാണ്. കുട്ടികൾ പറയുകയാണ് മായ വളരെ വലിയ സൂത്രശാലിയാണ്, തന്റെ നേരെ ആകർഷിക്കുകയാണ്. മായ കാന്തം പോലെയാണ്. ഈ സമയം കാന്തത്തിന്റെ രൂപം ധരിച്ചിരിക്കുകയാണ്. വളരെ മനോഹരമായ ലോകത്തിൽ അകപ്പെട്ടിരിക്കുകയാണ്. മുമ്പ് സിനിമ മുതലായവയൊന്നും ഉണ്ടായിരുന്നില്ല. ഇതെല്ലാം വന്നിട്ട് 100 വർഷം ആകുന്നേയുള്ളൂ. ബാബ അനുഭവിയാണല്ലോ. അതുകൊണ്ട് കുട്ടികൾക്ക് ഈ ഡ്രാമയുടെ രഹസ്യം വളരെ നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കണം, ഓരോ കാര്യങ്ങളും കൃത്യമായും അടങ്ങിയിട്ടുള്ളതാണ്. എതിർക്കുന്നവരെ സംബന്ധിച്ച് 100 വർഷം കൊണ്ട് ഇത് സ്വർഗ്ഗം പോലെയാണ്. സ്വർഗ്ഗം കുറച്ചുകൂടി വേഗത്തിൽ ഉണ്ടാകുമെന്ന് അതുകൊണ്ടിപ്പോൾ മനസ്സിലാകുന്നു. സയൻസും വളരെയധികം സഹായിക്കുന്നുണ്ട്. ഈ സയൻസ് വളരെ സുഖം നൽകുന്നതുമാണല്ലോ. ആ സുഖം സ്ഥായിയായി മാറുന്നതിനു വേണ്ടി ഈ പഴയ ലോകത്തിന് വിനാശമുണ്ടാകണം. ഭാരതത്തിന്റെ ഭാഗ്യത്തിൽ സത്യയുഗത്തിലെ സുഖം ഉള്ളതുതന്നെയാണ്. അവരെല്ലാം പിന്നീട് വരുന്നവരാണ്, എപ്പോഴാണോ ഭക്തിമാർഗ്ഗം ആരംഭിക്കുന്നത്, ഭാരതവാസികൾ വീഴുന്നത്, അപ്പോൾ മറ്റു ധർമ്മത്തിലുള്ളവർ നമ്പർക്രമമനുസരിച്ച് വരുന്നു. ഭാരതം വീണ്വീണ് പാടേ താഴെ പതിക്കുന്നു. പിന്നീട് കയറണം. ഇവിടെയും കയറുകയും വീഴുകയും ചെയ്യുന്നുണ്ട്. എത്ര വീഴുന്നുണ്ടെന്ന കാര്യമേ ചോദിക്കരുത്. ബാബയാണ് നമ്മെ പഠിപ്പിക്കുന്നത് എന്ന കാര്യം ചിലർ അംഗീകരിക്കുന്നതേയില്ല. ബാബ മഹിമ ചെയ്യുന്ന നല്ലനല്ല സേവനസന്നദ്ധരായ കുട്ടികൾപോലും മായയുടെ പിടിയിൽ പെട്ടുപോകുന്നു. ഗുസ്തി നടക്കുകയാണല്ലോ. മായയും അങ്ങനെ യുദ്ധം ചെയ്യുന്നു. ഒറ്റയടിക്ക് പൂർണ്ണമായും വീഴ്ത്തുന്നു. മുന്നോട്ട് പോകുന്തോറും നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കും. മായ ഒറ്റയടിക്ക് പൂർണ്ണമായും ഉറക്കിക്കളയുന്നു. എന്നാലും ബാബ പറയുകയാണ് ഒരു തവണയെങ്കിലും ജ്ഞാനം കേട്ടിട്ടുണ്ടെങ്കിൽ സ്വർഗ്ഗത്തിൽ വരുമെന്ന്. ബാക്കി പദവിയൊന്നും നേടാൻ സാധിക്കുകയില്ല. കല്പം മുമ്പ് ആര് എന്ത് പുരുഷാർത്ഥമാണോ ചെയ്തിരുന്നത് അഥവാ പുരുഷാർത്ഥം ചെയ്ത് ചെയ്ത് വീണു പോയിട്ടുള്ളത്, അതു പോലെതന്നെയാണ് ഇപ്പോഴും വീഴുന്നതും കയറുന്നതും. വിജയവും തോൽവിയും ഉണ്ടാകുമല്ലോ. ഓർമ്മയിലാണ് മുഴുവൻ കാര്യവും അടങ്ങിയിട്ടുള്ളത്. കുട്ടികൾക്കിപ്പോൾ അളവറ്റ ഖജനാവാണ് ലഭിക്കുന്നത്. അവരാണെങ്കിൽ എത്ര ലക്ഷങ്ങളുടെ നഷ്ടമാണ് വരുത്തികൊണ്ടിരിക്കുന്നത്. ചിലർ ഒരു ജന്മത്തേയ്ക്ക് ലക്ഷങ്ങളുടെ ധനവാനായി

മാറുന്നു. അടുത്ത ജന്മത്തിൽ ഇത്രയും ധനമൊന്നും ഉണ്ടായിരിക്കുകയില്ല. കർമ്മക്കണക്കും വളരെയേ
റെ ഉണ്ടായിരിക്കും. അവിടെ സ്വർഗ്ഗത്തിൽ കർമ്മക്കണക്കിന്റെ കാര്യം തന്നെയില്ല. ഈ സമയം 21 ജ
ന്മത്തേയ്ക്ക് നിങ്ങൾ വളരെയേറെ സമ്പാദിക്കുകയാണ്. ആരാണോ പൂർണ്ണമായും പുരുഷാർത്ഥം ചെയ്യു
ന്നത് അവർ സ്വർഗത്തിന്റെ പൂർണ്ണ സമ്പത്ത് നേടുന്നു. ഞങ്ങൾ തീർച്ചയായും സ്വർഗത്തിന്റെ സമ്പത്ത്
നേടുമെന്ന കാര്യം ബുദ്ധിയിൽ ഉണ്ടായിരിക്കണം. പിന്നീട് താഴെയ്ക്ക് വീണുപോകുമെന്ന ചിന്ത ഉണ്ടാവ
രുത്. ഏറ്റവും കൂടുതൽ വീണുപോയവർക്ക് ഇപ്പോൾ കയറുകതന്നെ വേണം. സ്വാഭാവികമായി പുരുഷാ
ർത്ഥം നടന്നുകൊണ്ടിരിക്കും. നോക്കൂ, മായ എത്ര പ്രബലമാണെന്ന് ബാബ മനസ്സിലാക്കി തരുകയാണ്.
മനുഷ്യരിൽ വളരെയധികം അജ്ഞാനം നിറഞ്ഞിരിക്കുകയാണ്, അജ്ഞാനം കാരണം ബാബയെപ്പോലും
സർവ്വവ്യാപിയെന്ന് പറയുന്നു. ഭാരതം വളരെ നല്ലതായിരുന്നു. നമ്മൾ അങ്ങനെയായിരുന്നു, ഇപ്പോൾ
വീണ്ടും ആയിക്കൊണ്ടിരിക്കുകയാണ് എന്ന് നിങ്ങൾക്ക് മനസ്സിലായി. ഈ ദേവതകൾക്ക് എത്ര മഹിമയാ
ണുള്ളത് എന്നത് നിങ്ങൾ കുട്ടികൾക്കല്ലാതെ വേറെ ആർക്കും അറിയുകയില്ല. പരിധിയില്ലാത്ത ജ്ഞാന
സാഗരനായ ബാബ വന്ന് നമ്മെ പഠിപ്പിക്കുകയാണ് എന്ന കാര്യം നിങ്ങൾക്കറിയാം, എന്നിട്ടും മായ
അനേകരെ സംശയത്തിലേക്ക് കൊണ്ടുപോവുകയാണ്. കള്ളവും കാപട്യവും ഉപേക്ഷിക്കുന്നില്ല. അ
തുകൊണ്ട് ബാബ പറയുകയാണ് തന്റെ സത്യം സത്യമായ ചാർട്ട് എഴുതൂ. പക്ഷെ ദേഹാഭിമാനം കാര
ണം സത്യം പറയുന്നില്ല. അതുകൊണ്ട് അതും വികർമ്മമായി മാറുന്നു, സത്യം പറയണമല്ലോ. ഇല്ലെങ്കി
ൽ വളരെയധികം ശിക്ഷ അനുഭവിക്കേണ്ടതായി വരും. ഗർഭ ജയിലിലും വളരെയധികം ശിക്ഷ ലഭിക്കും
. ഇനി ഞാൻ അങ്ങനെയുള്ള പ്രവൃത്തി ചെയ്യുകയില്ല, എന്ന് പറഞ്ഞ് കരയുന്നു. എങ്ങനെയാണോ ചി
ലർക്ക് അടി കിട്ടുമ്പോൾ മാപ്പ് യാചിക്കുന്നത്. ശിക്ഷ ലഭിക്കുമ്പോഴും അങ്ങനെ ചെയ്യുന്നു. മായയുടെ
രാജ്യം എപ്പോഴാണ് ആരംഭിക്കുന്നത് എന്ന കാര്യം നിങ്ങൾ കുട്ടികൾക്കിപ്പോൾ മനസ്സിലായി. പാപം
ചെയ്തുകൊണ്ടിരിക്കുന്നു. ബാബ കാണുകയാണ് ഇവർ ഇത്രയും മധുരമധുരമായി, വിനയമുള്ളവരായി
മാറുന്നില്ല. ബാബ എത്ര വിനയാന്വിതനായി കുട്ടികളെപോലെയാണ് നടക്കുന്നത്, കാരണം ഡ്രാമയിലൂടെ
നടന്നുകൊണ്ടിരിക്കുകയാണ്. എന്താണോ സംഭിക്കുന്നത് അതെല്ലാം ഡ്രാമയിലുള്ളത് എന്ന് പറയുന്നു
. വീണ്ടും ഇനി അങ്ങിനെ സംഭവിക്കരുത് എന്നും മനസ്സിലാക്കി കൊടുക്കുന്നു. ബാപ്ദാദ രണ്ടുപേരും ഒ
രുമിച്ചാണല്ലോ. ദാദയുടെ അഭിപ്രായം വേറെയാണ്, ഈശ്വരന്റെ അഭിപ്രായവും വേറെ തന്നെയാണ്.
ഈ മതം ആരാണ് നൽകുന്നത് എന്ന് മനസ്സിലാക്കണം. ഇദ്ദേഹവും അച്ഛൻ തന്നെയാണല്ലോ. അച്ഛൻ പ
റയുന്നത് അംഗീകരിക്കേണ്ടേ. ബാബ വലിയ അച്ഛനാണല്ലോ, അതുകൊണ്ട് ബാബ പറയുകയാണ് ശിവ
ബാബയാണ് മനസ്സിലാക്കി തരുന്നതെന്ന് തന്നെ മനസ്സിലാക്കൂ. (അങ്ങിനെ)മനസ്സിലാക്കുന്നില്ലായെങ്കിൽ
പദവിയും നേടാൻ സാധിക്കുകയില്ല. ഡ്രാമാ പ്ലാനനുസരിച്ച് ബാബയുമുണ്ട്, ദാദയുമുണ്ട്. ബാബയുടെ
ശ്രീമതം ലഭിച്ചിരിക്കുകയാണ്. മായ അങ്ങനെയാണ്, ആരാണോ മഹാവീരൻ, ഫയൽവാൻ അവരെ
കൊണ്ട് ഏതെങ്കിലും തരത്തിലുള്ള മോശമായ കർമ്മം ചെയ്യിപ്പിക്കും. ബാബയുടെ ശ്രീമതത്തിലല്ല എ
ന്ന് മനസ്സിലാക്കാൻ സാധിക്കും. ഞാൻ എന്റെ ആസുരീയ മതത്തിലാണ് എന്ന് സ്വയം ഫീൽ ചെയ്യും.
ശ്രീമതം തരുന്ന ആൾ വന്ന് ആസനസ്ഥനാണ്. ബാബയുടേത് ഈശ്വരീയ മതമാണ്. ബാബ പറയുകയാ
ണ് അഥവാ ഇദ്ദേഹം അങ്ങിനെയുള്ള ഏതെങ്കിലും മതം നൽകുകയാണെങ്കിൽ പോലും അതിനെ ശരി
യാക്കാൻ ഞാൻ ഇരിക്കുന്നുണ്ട്. എന്തായാലും എനിക്ക് രഥം വേണമല്ലോ. ഞാൻ ഈ രഥം എടു
ക്കുമ്പോഴാണ് ഇദ്ദേഹത്തിന് വളരെയധികം നിന്ദ അനുഭവിക്കേണ്ടതായി വരുന്നത്. ഇല്ലെങ്കിൽ ഒരിക്കലും
നിന്ദ അനുഭവിക്കേണ്ടി വരുകയില്ല. അതുകൊണ്ട് ഇദ്ദേഹത്തെയും എനിക്ക് സംരക്ഷിക്കേണ്ടതുണ്ട്. തീ
ർച്ചയായും ബാബ രക്ഷ ചെയ്യുന്നു. കുട്ടികളുടെ രക്ഷ അച്ഛൻ ചെയ്യുന്നുണ്ടല്ലോ. എത്രത്തോളം സത്യ
ത്തിലൂടെ നടക്കുന്നുവോ അത്രയും രക്ഷയും ഉണ്ടാകുന്നു. കള്ളന്മാരെ സംരക്ഷിക്കുകയില്ല. അവർക്ക്
പിന്നീട് ശിക്ഷ അനുഭവിക്കേണ്ടിവരും, അതുകൊണ്ട് ബാബ മനസ്സിലാക്കി തരികയാണ് മായ ഒറ്റയടിക്ക്
മൂക്കിൽ പിടിച്ച് എല്ലാം അവസാനിപ്പിക്കും. മായ പിടിച്ച് വിഴുങ്ങിയതുകൊണ്ട് പഠിപ്പ് ഉപേക്ഷിച്ചുവെന്ന്
കുട്ടികൾ സ്വയം ഫീൽ ചെയ്യും. തീർച്ചയായും പഠിപ്പ് പഠിക്കൂ എന്ന് ബാബ പറയുന്നു. ശരി, എവിടെ ആ
രുടെയാണ് കുഴപ്പം. ആര് എന്ത് ചെയ്യുന്നുവോ, അത് ഭാവിയിൽ നേടും എന്തുകൊണ്ടെന്നാൽ ഇപ്പോൾ
ലോകം മാറിക്കൊണ്ടിരിക്കുകയാണ്. മായ സന്തോഷത്തിലിരിക്കാൻ അനുവദിക്കാത്ത തരത്തിൽ പ്രഹ
രമേല്പിക്കുന്നു. ബാബാ, എന്താണ് സംഭവിച്ചത് എന്നറിയില്ല എന്ന് പറഞ്ഞ് പിന്നീട് കരയുന്നു. യു
ദ്ധമൈതാനത്തിൽ വളരെ ശ്രദ്ധയോടെയിരിക്കണം. എന്തുകൊണ്ടെന്നാൽ എപ്പോൾ എവിടെ നിന്ന് പ്രഹ
രമേൽക്കുമെന്ന് അറിയില്ലല്ലോ. എങ്കിലും കൂടുതൽ ശക്തിയുള്ളവരാണെങ്കിൽ അടുത്ത ആളെ വീഴ്ത്തു
ന്നു. പിന്നീട് (യുദ്ധം) അടുത്ത ദിവസത്തേക്ക് വെയ്ക്കുന്നു. ഈ മായയുമായുള്ള യുദ്ധം അവസാനം
വരെയും നടന്നുകൊണ്ടിരിക്കും. താഴേക്കും മുകളിലേക്കും പോയ്കൊണ്ടിരിക്കും. പല കുട്ടികളും
സത്യം പറയുന്നില്ല. മാനം പോകുമോ എന്ന് വളരെയധികം ഭയക്കുന്നു ബാബ എന്തു പറയുമെന്ന് അറി
യില്ല. ഏത് വരെ സത്യം പറയുന്നില്ലയോ അതുവരെയും മുന്നോട്ട് പോകാൻ സാധിക്കുകയില്ല. ഉള്ളിൽ

ഭയപ്പെട്ടുകൊണ്ടിരിക്കും. പിന്നീട് വർദ്ധിക്കുന്നു. ഒരിക്കലും സ്വയം സത്യം പറയുന്നില്ല. രണ്ടുപേരുണ്ടെങ്കിൽ ഒരാൾ ബാബയോട് കേൾപ്പിക്കുകയാണെങ്കിൽ ഞാനും കേൾപ്പിക്കാമെന്ന് ചിന്തിക്കുന്നു. മായ വളരെ വലിയ സൂത്രശാലിയാണ്. മനസിലാക്കാൻ കഴിയും, അവരുടെ ഭാഗ്യത്തിൽ ഇത്രയും ഉയർന്ന പദവിയില്ലെങ്കിൽ സർജനോട് ഒളിപ്പിക്കും. ഒളിപ്പിക്കുന്നതിലൂടെ അസുഖം മാറുകയില്ല. എത്ര ഒളിപ്പിക്കുന്നുവോ അത്രയും വീണുകൊണ്ടിരിക്കും. എല്ലാവരിലും ഭൂതമുണ്ടല്ലോ. എപ്പോൾ വരെ കർമ്മാതീത അവസ്ഥയിലെത്തുന്നില്ലയോ, അപ്പോൾ വരെയും ക്രിമിനൽ ദൃഷ്ടി ഉപേക്ഷിക്കുന്നില്ല. ഏറ്റവും വലിയ ശത്രുവാണ് കാമം. പലരും വീഴുന്നുണ്ട്. അതുകൊണ്ട് ബാബ ഇടയ്ക്കിടയ്ക്ക് മനസ്സിലാക്കി തരികയാണ് ശിവബാബയെ അല്ലാതെ ഒരു ദേഹധാരിയെയും ഓർമ്മിക്കരുത്. ഒരാളുടെയും ഓർമ്മ വരാത്ത തരത്തിൽ ഉറപ്പുള്ള കുട്ടികളും ഉണ്ട്. പതിവ്രതകളായ സ്ത്രീകളുണ്ടല്ലോ, അവർക്ക് കുബുദ്ധി ഉണ്ടാവുകയില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം

1. നമ്മെ പഠിപ്പിക്കുന്നത് സ്വയം ജ്ഞാനസാഗരനാണ്, പരിധിയില്ലാത്ത ബാബയാണ്, ഇതിൽ ഒരിക്കലും സംശയിക്കരുത്. കള്ളവും കാപട്യവും ഉപേക്ഷിച്ച് തന്റെ സത്യം സത്യമായ ചാർട്ട് വെയ്ക്കണം. ദേഹാഭിമാനത്തിൽ വന്ന് ഒരിക്കലും കുലദ്രോഹിയാവരുത്.

2. ഡ്രാമയെ ബുദ്ധിയിൽ വെച്ച് ബാബയ്ക്കു സമാനം വളരെ മധുരവും വിനയമുള്ളവരുമായിരിക്കണം. തന്റെ അഹങ്കാരം കാണിക്കരുത്. തന്റെ മതം ഉപേക്ഷിച്ച് ഒരേയൊരു ബാബയുടെ ശ്രേഷ്ഠ മതത്തിലൂടെ നടക്കണം.

## വരദാനം : ഒരു ബാബയുടെ സ്നേഹത്തിൽ ലൗ ലീനമായി ലക്ഷ്യത്തിൽ എത്തിച്ചേരുന്ന സർവ ആകർഷണ മുക്തരായി ഭവിക്കട്ടെ

ബാപ്ദാദ കുട്ടികളെ തന്റെ സ്നേഹത്തിന്റെയും സഹായോഗത്തിന്റെയും മടിയിലിരുത്തി ലക്ഷ്യത്തിലേക്കു കൊണ്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ മാർഗം പരിശ്രമത്തിന്റേതല്ല. എന്നാൽ ഹൈവേയ്ക്കു പകരം ഊടുവഴികളിലൂടെ പോകുമ്പോൾ അഥവാ ലക്ഷ്യസ്ഥാനത്തിൽ നിന്ന് മാറി സഞ്ചരിക്കുകയാണെങ്കിൽ മടങ്ങി വരുവാൻ പരിശ്രമിക്കേണ്ടി വരുന്നു. പരിശ്രമത്തിൽ നിന്ന് രക്ഷ നേടാനുള്ള മാർഗമാണ് ഒരാളോടുള്ള പ്രേമത്തിൽ കഴിയൂ. ഒരു ബാബയുടെ സ്നേഹത്തിൽ അലിഞ്ഞു ഓരോ കാര്യവും ചെയ്യൂ എങ്കിൽ മറ്റൊന്നും കാണപ്പെടുകയില്ല. സർവ ആകർഷണത്തിൽ നിന്നും മുക്തമായി മാറും.

## സ്ലോഗൻ – തന്റെ സൗഭാഗ്യത്തിന്റെ അനുഭവം മുഖത്തിലൂടെയും പെരുമാറ്റത്തിലൂടെയും ചെയ്യിക്കൂ.